**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1705** **03.10.2011 ൽ മറുപടിക്ക്**

**പെട്രോൾ വില വർദ്ധനവ്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി:** | **ശ്രീ.കെ.എം.മാണി** (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഏറ്റവും ഒടുവിലത്തെ പെട്രോൾ വില വർദ്ധനവിനെ തുടർന്നുണ്ടായ അധിക നികുതി വരുമാനം വേണ്ടെന്ന് വെയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമൂലം പ്രതിവർഷം എത്ര കോടി രൂപ നികുതി ഇനത്തിൽ നഷ്ടപ്പെടുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പെട്രോൾ വിലയിൽ സംസ്ഥാനത്ത് ലിറ്ററിന് എത്ര പൈസയുടെ കുറവ് വരുത്തുകയുണ്ടായി; | (എ) ഏറ്റവുമൊടുവിലത്തെ പെട്രോൾ വില വർദ്ധനവിനെ തുടർന്ന് പ്രതി വർഷം സർക്കാരിനു ലഭിക്കുമായിരുന്ന 108.96 കോടി രൂപയുടെ അധിക നികുതി വരുമാനം വേണ്ടെന്നുവച്ച് ഉത്തരവ് ഇറക്കുകയുണ്ടായി. ഇതുമൂലം എറണാകുളം ജില്ലയിൽ പെട്രോളിന്റെ വില ലിറ്ററിന് 69.30/- രൂപയിൽ നിന്നും 68.64/- രൂപയായി കുറയുകയുണ്ടായി. |

..........2

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ പെട്രോൾ വില വർദ്ധനവിനെത്തുടർന്ന് എത്ര തവണ അധിക നികുതി ലഭിക്കുവാൻ അന്നത്തെ സർക്കാരിന് അവസരമുണ്ടായിട്ടുണ്ട് ; | (ബി) | പെട്രോൾ വില വർദ്ധനവിനെ തുടർന്ന് 16 തവണ അധിക നികുതി ലഭിക്കുവാൻ അന്നത്തെ സർക്കാരിന് അവസരമുണ്ടായിട്ടുണ്ട്. |
| (സി) | ഇതിൽ അന്നത്തെ സർക്കാർ എത്ര തവണ ഈ അധിക നികുതി സ്വീകരിച്ചിട്ടുണ്ട് ; | (സി) | അന്നത്തെ സർക്കാർ പെട്രോൾ വില വർദ്ധനയുടെ 15 തവണയും ഡീസൽ വില വർദ്ധനയുടെ 9 തവണയും അധിക നികുതി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | എത്ര തവണ അധിക നികുതി ഒഴിവാക്കുവാൻ അന്നത്തെ സർക്കാർ തീരുമാനിച്ചു ? | (ഡി) | ഒരു തവണയാണ് പെട്രോളിനും ഡീസലിനും വില വർദ്ധനവിനെ തുടർന്നുള്ള അധിക വില്പന നികുതി അന്നത്തെ സർക്കാർ ഒഴിവാക്കുവാൻ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ